ഉത്തരം

(എ) ഉണ്ട്.

(ബി) കാലവർഷം ശക്തമായതു കാരണം വീട് പൂർണ്ണമായി തകർന്ന 20 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 87,000 രൂപയും, ഭാഗികമായി വീട് തകർന്ന 71 കുടുംബങ്ങൾക്ക് 97,700 രൂപയും നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് നഷ്ടപരിഹാരം ഉടൻ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി നശിച്ചവരുടെ അപേക്ഷകൾ കൃഷിഭവൻ മുഖേന പരിശോധിച്ച് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

"പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസം"

47 [661] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽക്കാലത്ത് കേരളം അഭിമുഖീകരിച്ച അതിരൂക്ഷമായ വരൾച്ചയിൽ പാലക്കാട് ജില്ലയിലെ വിളകൾക്ക് സംഭവിച്ച നാശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്കുണ്ടായ മൊത്തം നഷ്ടത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; ആയത് ലഭ്യമാക്കുമോ;

(സി) നഷ്ടം നേരിട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്;

(ഡി) കർഷകർക്ക് ആശ്വാസമായി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ നഷ്ടം 460 കോടി.

(സി & ഡി) നഷ്ടം നേരിട്ട കർഷകർക്ക് ഹെക്ടർ ഒന്നിന് 3000 രൂപാ വീതം ധനസഹായം നൽകുകയും അടുത്ത വിള ഇറക്കുന്നതിനുള്ള വിത്ത് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

നിയോജകമണ്ഡലം തിരിച്ചല്ല ധനസഹായം നൽകുന്നത്.

"ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടൽക്ഷോഭത്തിൽ വീടുകൾ തകർന്നവർക്ക് ദുരിതാശ്വാസം"

48 [662] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ എത്ര വീടുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്;

(ബി) ഭാഗികമായി നാശം സംഭവിച്ച വീടുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly